**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1997** | **20-06-2024 - ൽ മറുപടിയ്ക്ക്**

**വെറ്ററിനറി സർവകലാശാല ഹോസ്റ്റലുകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വെറ്ററിനറി ആൻഡ് അനിമൽ സയൻസ് സർവകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകളുടെ എണ്ണം എത്രയെന്ന് വിശദമാക്കാമോ; | (എ) | വെറ്ററിനറി ആൻഡ് അനിമൽ സയൻസ് സർവകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകളുടെ എണ്ണം 23 ആണ് .<br><br>വിശദവിവരം ചുവടെ ചേർക്കുന്നു<br><br>I )കോളേജ് ഓഫ് വെറ്ററിനറി ആൻഡ് അനിമൽ സയൻസസ്, പൂക്കോട്<br><br>1. ലേഡീസ് ഹോസ്റ്റൽ (മെയിൻ)<br><br>2. മെൻസ് ഹോസ്റ്റൽ (മെയിൻ)<br><br>3. ഇന്റേൺഷിപ്പ് ട്രെയിനീസ് ഹോസ്റ്റൽ (ലേഡീസ്)<br><br>4. പി.ജി. ഹോസ്റ്റൽ (മെൻസ്)<br><br>5. കൽപ്പറ്റ ഹോസ്റ്റൽ (മെൻസ്)<br><br>6. തുഷാര ഹോസ്റ്റൽ (ലേഡീസ്)<br><br>II) കോളേജ് ഓഫ് വെറ്ററിനറി ആൻഡ് അനിമൽ സയൻസസ്, മണ്ണുത്തി<br><br>ബിരുദപഠനത്തിനുള്ള ആൺകുട്ടികളുടെ ഹോസ്റ്റൽ - 1<br><br>ബിരുദാനന്തര ബിരുദ പഠനത്തിനുള്ള ആൺകുട്ടികളുടെ ഹോസ്റ്റൽ - 1<br><br>ബിരുദപഠനത്തിനുള്ള പെൺകുട്ടികളുടെ ഹോസ്റ്റൽ - 4 |

| | | | |
|---|---|---|---|
| | | | ബിരുദാനന്തര ബിരുദ പഠനത്തിനുള്ള<br>പെൺകുട്ടികളുടെ ഹോസ്റ്റൽ - 1<br><br><u>III) കോളേജ് ഓഫ് ഡയറി സയൻസസ് ആൻഡ് ടെക്നോളജി കോലാഹലമേട്</u><br><br>ലേഡീസ് ഹോസ്റ്റൽ - 2<br>മെൻസ് ഹോസ്റ്റൽ – 1<br><br><u>IV) കോളേജ് ഓഫ് എവിയൻ സയൻസസ് ആൻഡ് മാനേജ്മെന്റ് - തിരുവാഴാംകുന്ന്</u><br><br>ലേഡീസ് ഹോസ്റ്റൽ - 1<br><br>മെൻസ് ഹോസ്റ്റൽ – 2<br><br><u>V) കോളേജ് ഓഫ് ഡയറി സയൻസസ് ആൻഡ് ടെക്നോളജി പൂക്കോട്</u><br><br>ലേഡീസ് ഹോസ്റ്റൽ - 1<br><br>മെൻസ് ഹോസ്റ്റൽ – 1<br><br><u>VI) കോളേജ് ഓഫ് ഡയറി സയൻസസ് ആൻഡ് ടെക്നോളജി തിരുവനന്തപുരം (വാടക ബിൽഡിംഗ്)</u><br><br>വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ സൗകര്യം ബി.എസ്.എൻ.എൽ ആർ.റ്റി.റ്റി.സി യുടെ ഹോസ്റ്റലിന്റെ<br><br>കൂടെയാണ് ഏർപ്പാടാക്കിയിരിക്കുന്നത്.<br><br><u>VII) വർഗീസ് കുരിയൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയറി ആൻഡ് ഫുഡ് ടെക്നോളജി മണ്ണുത്തി</u><br><br>ലേഡീസ് ഹോസ്റ്റൽ - 1<br>മെൻസ് ഹോസ്റ്റൽ – 1 |
| (ബി) | പ്രസ്തുത ഹോസ്റ്റലുകളുടെ ഭരണനിർവഹണത്തിനും മറ്റു പ്രവർത്തനങ്ങൾക്കും അനുവദിക്കപ്പെട്ട തസ്തികകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | <u>1.കോളേജ് ഓഫ് വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് പൂക്കോട്</u><br><br>മേട്രൺ -1<br>(നിലവിൽ നിയമനം ദിവസ വേതനാടിസ്ഥാനത്തിൽ നടത്തി വരുന്നു)<br><br><u>2.കോളേജ് ഓഫ് വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് മണ്ണുത്തി</u><br><br>മേട്രൺ-1 |

| | | | |
|---|---|---|---|
| | | | (നിലവിൽ നിയമനം ദിവസ വേതനാടിസ്ഥാനത്തിൽ നടത്തി വരുന്നു)<br><br>3.കോളേജ് ഓഫ് ഡയറി സയൻസസ് ആൻഡ് ടെക്നോളജി കോലാഹലമേട്<br><br>ഹോസ്റ്റൽ മാനേജർ /മേട്രൺ – 1<br><br>4.കോളേജ് ഓഫ് ഏവിയൻ സയൻസസ് ആൻഡ് മാനേജ്മെന്റ് -തിരുവാഴാംകുന്ന്<br><br>ഹോസ്റ്റൽ അറ്റന്റന്റ് - 1 (ലേഡീസ് ഹോസ്റ്റൽ ) (നിലവിൽ നിയമനം ദിവസ വേതനാടിസ്ഥാനത്തിൽ നടത്തി വരുന്നു)<br><br>5.കോളേജ് ഓഫ് ഡയറി സയൻസസ് ആൻഡ് ടെക്നോളജി പൂക്കോട്<br><br>ഹോസ്റ്റൽ അറ്റന്റന്റ് - 1<br><br>6.കോളേജ് ഓഫ് ഡയറി സയൻസസ് ആൻഡ് ടെക്നോളജി തിരുവനന്തപുരം (വാടക ബിൽഡിംഗ്)<br><br>തസ്തിക അനുവദിച്ചിട്ടില്ല<br><br>7.വർഗീസ് കുര്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയറി ആൻഡ് ഫുഡ് ടെക്നോളജി മണ്ണുത്തി<br><br>മേട്രൺ-1<br><br>ഹോസ്റ്റൽ അറ്റന്റന്റ് - 1 (നിലവിൽ നിയമനങ്ങൾ ദിവസ വേതനാടിസ്ഥാനത്തിൽ നടത്തി വരുന്നു) |
| (സി) | പ്രസ്തുത ഹോസ്റ്റലുകളിൽ നിലവിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ ഏതൊക്കെയെന്ന് വിശദമാക്കാമോ; | (സി) | 1.കോളേജ് ഓഫ് വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് പൂക്കോട്<br><br>മേട്രൺ -1<br><br>2.കോളേജ് ഓഫ് വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് മണ്ണുത്തി<br><br>മേട്രൺ -1<br><br>3.കോളേജ് ഓഫ് ഡയറി സയൻസസ് ആൻഡ് ടെക്നോളജി കോലാഹലമേട്<br><br>ഹോസ്റ്റൽ മാനേജർ / മേട്രൺ – 1<br><br>4.കോളേജ് ഓഫ് ഏവിയൻ സയൻസസ് ആൻഡ് മാനേജ്മെന്റ് തിരുവാഴാംകുന്ന്<br><br>ഹോസ്റ്റൽ അറ്റന്റന്റ് - 1 |

| | | | |
|---|---|---|---|
| | | | 5.കോളേജ് ഓഫ് ഡയറി സയൻസസ് ആൻഡ് ടെക്നോളജി പൂക്കോട്<br><br>ഹോസ്റ്റൽ അറ്റന്റന്റ് - 1<br><br>6.വർഗീസ് കുര്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയറി ആൻഡ് ഫുഡ് ടെക്നോളജി മണ്ണുത്തി<br><br>മേട്രൺ -1<br>ഹോസ്റ്റൽ അറ്റന്റന്റ് - 1 |
| (ഡി) | ഹോസ്റ്റലുകളുടെ പ്രവർത്തനം, ഭക്ഷണം, റാഗിംഗ് എന്നിവ സംബന്ധിച്ച് വിദ്യാർഥികളിൽ നിന്നും രക്ഷിതാക്കളിൽ നിന്നും പൊതുജനങ്ങളിൽ നിന്നും സർവകലാശാലയ്ക്കോ സർക്കാരിനോ ലഭിച്ചിട്ടുള്ള പരാതികളുടെ വിശദവിവരം ലഭ്യമാക്കാമോ; | (ഡി) | 1.കോളേജ് ഓഫ് വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് പൂക്കോട്<br><br>പൂക്കോട് വെറ്ററിനറി കോളേജിനു കീഴിലുള്ള ഹോസ്റ്റലുകളുടെ പ്രവർത്തനം, റാഗിങ് എന്നിവ സംബന്ധിച്ച് സിദ്ധാർത്ഥൻ. ജെ.എസ്-ന്റെ മരണം സംഭവിച്ച 18.02.2024-നു ശേഷം സിദ്ധാർത്ഥൻ.ജെ.എസ്-ന്റെ മാതാവായ ശ്രീമതി. ഷീബ.എം.ആർ ദേശീയ മനുഷ്യാവകാശ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതിയും റാഗിങ്ങുമായി ബന്ധപ്പെട്ട് യു.ജി.സി-യുടെ ആന്റി റാഗിങ് സെല്ലിൽ നിന്നുമുള്ള പരാതിയും കോളേജിൽ ലഭിച്ചിരുന്നു. റാഗിങ്ങുമായി ബന്ധപ്പെട്ട് ആന്റി റാഗിങ് സെല്ലിൽ നിന്നും ലഭിച്ച പരാതിയിന്മേൽ ആന്റി റാഗിങ് സ്ക്വാഡ് അന്വേഷണം നടത്തി 01.03.2024 തീയ്യതിയിൽ ഇടക്കാല റിപ്പോർട്ടും 22.03.2024 തീയ്യതിയിൽ അന്തിമ റിപ്പോർട്ടും ആന്റി റാഗിങ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുകയും. ആയത് യഥാക്രമം 01.03.2024, 22.05.2024 എന്നീ തീയ്യതികളിൽ ചേർന്ന യോഗങ്ങളിൽ ആന്റി റാഗിങ് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു. ആന്റി റാഗിങ് കമ്മിറ്റിയുടെ തീരുമാനപ്രകാരം, കുറ്റക്കാരാണെന്ന് കണ്ടെത്തിയ വിദ്യാർത്ഥികൾക്കെതിരെ യു.ജി.സി -യുടെ ആന്റി റാഗിങ് റഗുലേഷൻസ് 2009 ന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സിദ്ധാർത്ഥൻ.ജെ.എസ്-ന്റെ മാതാവ്, ശ്രീമതി ഷീബ.എം.ആർ മനുഷ്യാവകാശ കമ്മീഷൻ മുഖേന സമർപ്പിച്ച പരാതിയിന്മേൽ 07.03.2024 തീയ്യതിയിയായി സർവകലാശാല വിശദമായ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.<br><br>2.കോളേജ് ഓഫ് വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് മണ്ണുത്തി<br><br>ബിരുദ പഠനത്തിനായുള്ള വിദ്യാർത്ഥികൾ താമസിക്കുന്ന ആൺകുട്ടികളുടെ ഹോസ്റ്റലിൽ റാഗിങ് സംബന്ധിച്ച് കഴിഞ്ഞ വർഷം ഒന്നാം വർഷ വിദ്യാർത്ഥിയുടെ പരാതി ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | വെറ്ററിനറി കോളേജിന്റെ മറ്റു സ്ഥാപനങ്ങളിൽ ഇതുസംബന്ധിച്ച് പരാതികൾ ഒന്നും ലഭിച്ചിട്ടില്ല. |
| (ഇ) | പ്രസ്തുത പരാതികളിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം ലഭ്യമാക്കാമോ? | (ഇ) | <u>കോളേജ് ഓഫ് വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് പൂക്കോട്</u><br><br>1. കോളേജിനു കീഴിലുള്ള എല്ലാ ഹോസ്റ്റലുകളിലും സെക്യൂരിറ്റി ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്.<br><br>2. ക്യാമ്പസിലും മറ്റ് സുപ്രധാന ഏരിയകളിലും ഹോസ്റ്റലുകളിലും സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്<br><br>3. എല്ലാ ഹോസ്റ്റലുകളിലും റസിഡന്റ് ട്യൂട്ടർമാരുടെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>4 എല്ലാ ഹോസ്റ്റലുകളിലും നിലവിലുണ്ടായിരുന്ന അസി. വാർഡന്മാരെ മാറ്റി നിയമിക്കുകയും അവർക്ക് വേണ്ടതായ സപ്പോർട്ടിംങ് സ്റ്റാഫുകളെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.<br><br>5. കോളേജിന്റെ റാഗിങ് സ്ക്വാഡിന്റെ പ്രവർത്തനം കൂടുതൽ ഊർജിതമാക്കിയിട്ടുണ്ട്.<br><br><u>കോളേജ് ഓഫ് വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് മണ്ണുത്തി</u><br><br>പ്രസ്തുത പരാതിയിന്മേൽ യു.ജി.സി. നിർദ്ദേശപ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും സീനിയർ വിദ്യാർത്ഥികളായ ശ്രീ.ജ്യോതിസ് കിരൺ ബേബിയേയും ശ്രീ.ജിറ്റോ ജോർജ്ജിനെയും കോളേജിൽ നിന്നും സസ്പെൻഡ് ചെയ്യുകയും ആൺകുട്ടികളുടെ ഹോസ്റ്റലിൽ നിന്നും പുറത്താക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ